ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പരിസ്ഥിതി സംരക്ഷണത്തിന് കൂട്ടായ പരിശ്രമവും തുടർച്ചയായ പ്രവർത്തനങ്ങളും അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu calls for collective efforts and continuous action for conservation of environment.**

2. കാലാവസ്ഥാ വ്യതിയാനത്തിനെതിരെ വികസ്വര രാജ്യങ്ങൾക്ക് സ്വീകരിക്കാവുന്ന ഏറ്റവും മികച്ച പ്രതിരോധ മാർഗം ദ്രുതഗതിയിലുള്ള പാരിസ്ഥിതിക സാമ്പത്തിക വളർച്ചയാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്.

   **Union Minister Bhupender Yadav says that rapid eco economic growth is the best defence against climate change for developing nations.**

3. ഭൂകമ്പം ദുരന്തം വിതച്ച മ്യാൻമാറിന് സഹായം എത്തിക്കാൻ ഓപ്പറേഷൻ ബ്രഹ്മയുമായി ഇന്ത്യ. 15 ടണ്ണോളം മരുന്നും അവശ്യസാധനങ്ങളുമായി ആദ്യ ഘട്ട സഹായം കൈമാറി.

   **India launched Operation Brahma to assist earthquake-hit Myanmar. Handed over the first phase of aid, consisting of 15 tons of medicines and essential supplies**

4. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാ ത്തിന്റെ 120-ാം പതിപ്പ് നാളെ.

The 120th edition of Prime Minister Narendra Modi's monthly radio address program Mann Ki Baat will be held tomorrow.

5. കേരളത്തിൽ വേനൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ ഉഷ്ണതരംഗ സാധ്യത മുൻനിർത്തി ജാഗ്രത തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Chief Minister Pinarayi Vijayan has urged people to remain vigilant in view of the possibility of heatwaves in Kerala as the summer heat rises.

6. ഐ പി എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് - മുംബൈ ഇന്ത്യൻസ് പോരാട്ടം.

Gujarat Titans - Mumbai Indians clash in IPL cricket.

*************************************************

## NEW DAY PRESIDENT-NGT CONFERENCE

പരിസ്ഥിതി സംരക്ഷണത്തിന് കൂട്ടായ പരിശ്രമവും തുടർച്ചയായ പ്രവർത്തനങ്ങളും അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ശുദ്ധമായ പരിസ്ഥിതിയും ആധുനിക വികസനവും സന്തുലിതമാക്കുന്നത് ഒരേസമയം അവസരവും വെല്ലുവിളിയുമാണെന്നും രാഷ്ട്രപതിപറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിച്ച ദേശീയ പരിസ്ഥിതി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. വരും തലമുറകൾക്ക് ശുദ്ധമായ പരിസ്ഥിതി ഉറപ്പാക്കേണ്ടത് നമ്മുടെ ധാർമ്മിക ഉത്തരവാദിത്തമാണെന്നും പരിസ്ഥിതി ബോധത്തോടെയുള്ള ജീവിത ശൈലി പിന്തുടരണമെന്നും രാഷ്ട്രപതി പറഞ്ഞു.

*************************************************

## NGT CONFERENCE-BHUPENDRA YADAV

കാലാവസ്ഥാ വ്യതിയാനത്തിനെതിരെ വികസ്വര രാജ്യങ്ങൾക്ക് സ്വീകരിക്കാവുന്ന ഏറ്റവും മികച്ച പ്രതിരോധ മാർഗം ദ്രുതഗതിയിലുള്ള പാരിസ്ഥിതിക സാമ്പത്തിക വളർച്ചയാണെന്ന്

കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷനായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിലെ മൂന്നാമത്തെ വലിയ ഊർജ്ജ ഉൽപ്പാദക രാജ്യമാണ് ഇന്ത്യയെന്നും 2030 ആകുമ്പോഴേക്കും 500 ഗിഗാ വാട്ട് പുനരുപയോഗ ഊർജ്ജ ശേഷി ലക്ഷ്യമിടുന്നുവെന്നും അദ്ദേഹം പറഞ്ഞു. കുറഞ്ഞ കാർബൺ സാങ്കേതികവിദ്യയിൽ നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും ശ്രീ ഭൂപേന്ദർ യാദവ് കൂട്ടിച്ചേർത്തു.

***************************************

## NGT CONFERENCE

പരിസ്ഥിതി സംരക്ഷണത്തിന്റെയും സുസ്ഥിരതയുടെയും കൂട്ടായ ദൗത്യം മുന്നോട്ട് കൊണ്ടുപോകാൻ ലക്ഷ്യമിട്ടാണ് രണ്ടുദിവസത്തെ ദേശീയ പരിസ്ഥിതി സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായത്. കാലാവസ്ഥാ വ്യതിയാനം, മലിനീകരണ നിയന്ത്രണം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര വികസനം എന്നിവയുൾപ്പെടെ പരിസ്ഥിതി നേരിടുന്ന കടുത്ത വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്ന നാല് പ്രധാന സാങ്കേതിക സെഷനുകളാണ് സമ്മേളനത്തിൽ പ്രധാനം. ഇന്ത്യയിലും ആഗോളതലത്തിലും പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അർത്ഥവത്തായ ആശയ സംവാദവും സഹകരണവും വളർത്തിയെടുക്കുക എന്നതാണ് ഈ സെഷനുകളുടെ ലക്ഷ്യം.

***************************************

## PM THAILAND SRI LANKA VISIT

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി അടുത്ത മാസം മൂന്നിന് തായ്‌ലൻഡിലെത്തും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്.

******************************************

## OPERATION BRAHMA (INTRO)

ഭൂകമ്പം ദുരന്തം വിതച്ച മ്യാൻമാറിന് സഹായം എത്തിക്കാൻ ഓപ്പറേഷൻ ബ്രഹ്മയുമായി ഇന്ത്യ. ആദ്യ ഘട്ട സഹായം കൈമാറിയതായി വിദേശകാര്യ വക്താവ് രൺധിർ ജയ്സ്വാൾ അറിയിച്ചു. 15 ടണ്ണോളം മരുന്നും അവശ്യ സാധനങ്ങളുമായി എയർ ഇന്ത്യ വിമാനം ഇന്ന് രാവിലെ യാഗോണിൽ എത്തിയിരുന്നു.

(വോയ്സ്)

ഇതിനു പുറമെ 80 രക്ഷ ദുരിതാശ്വാസ പ്രവർത്തകർ അടങ്ങുന്ന 2 വിമാനങ്ങളും ഇന്ത്യ മ്യാൻ മാറിലേക്ക് അയച്ചിട്ടുണ്ട്. ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും ഉൾപ്പെടെയുള്ള ഫീൽഡ് ഹോസ്പിറ്റൽ അടങ്ങുന്ന മൂന്നാം ഘട്ട സഹായവും ഇന്ത്യ സജ്ജമാക്കി യിട്ടുണ്ട്. കൂടാതെ 50 ടൺ ദുരിതാശ്വാസ സാമഗ്രികളുമായി നാല് കപ്പലുകൾ ഈ മാസം 31ന് മ്യാൻമറിൽ എത്തിച്ചേരുമെന്ന് ഇന്ത്യൻ നാവിക സേന അറിയിച്ചു. ഭൂചലനത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ആയിരം കടന്നു.

******************************************

## PM-OPERATION BRAHMA

മ്യാൻമർ ഭൂചലനത്തിൻ്റെ പശ്ചാത്തലത്തിൽ സീനിയർ ജനറലുമായി ഫോണിൽ സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദുരന്തത്തിൽ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. പ്രതിസന്ധിഘട്ടത്തിൽ ഇന്ത്യ മ്യാൻമർ ജനതയ്ക്കൊപ്പമുണ്ടെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

******************************************

## ISRO-PLASMA THRUSTER

300 Milli Newton Stationary Plasma Thruster ന്റെ അതിജീവന പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ISRO. ബഹിരാകാശത്തിന് സമാനമായ സാഹചര്യങ്ങൾ സൃഷ്ടിച്ച ചേംബറിലാണ് പരീക്ഷണം നടന്നത്. ഇത് ഭാവി ഉപഗ്രഹങ്ങളിൽ ഇലക്ട്രിക്ക് പ്രൊപ്പൽഷൻ സംവിധാനത്തിന് പകരമായി ഉപയോഗിക്കും. ഈ ത്രസ്റ്റർ ഉപഗ്രഹങ്ങളുടെ ഭാരം ഗണ്യമായി കുറക്കുന്നതിനും ഇതുവഴി വാർത്താവിനിമയ ഉപഗ്രഹങ്ങളുടെ വിക്ഷേപണത്തിൽ ട്രാൻസ്പോണ്ടർ ശേഷി വർധിപ്പിക്കാനും ഫലപ്രദമാണ്.

*********************************************

## ബ്രേക്ക്....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

*********************************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 120-ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും മൻ കി ബാത് തത്സമയം ലഭ്യമാകും. തുടർന്ന് പരിപാടിയുടെ പ്രാദേശിക പരിഭാഷയുമുണ്ടാകും.

*********************************************

## HOT WAVES-KERALA

കേരളത്തിൽ വേനൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ ഉഷ്ണതരംഗ സാധ്യത മുൻനിർത്തി ജാഗ്രത തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഉഷ്ണ തരംഗ സാധ്യത, ആരോഗ്യ ജാഗ്രത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻകരുതൽ

നടപടികൾക്കായി വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശം നൽകി. വിനോദ സഞ്ചാരികൾക്കിടയിൽ ഉഷ്ണതരംഗ ജാഗ്രതാനിർദേശങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

***********************************************

## REV. GOYAL – UIA (INTRO)

നീതിന്യായ മേഖലയിൽ ശക്തമായ മധ്യസ്ഥ സംവിധാനങ്ങൾ അനിവാര്യമാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ലോയേഴ്സ് സമ്മേളനത്തിന്റെ പ്രത്യേക പ്ലീനറി സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മധ്യസ്ഥതയുടെ ഫലങ്ങൾ ഇരു കക്ഷികളും ആത്മാർത്ഥമായി അംഗീകരിച്ചാൽ, ജുഡീഷ്യൽ കാലതാമസം ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയിസ്)

***********************************************

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് - മുംബൈ ഇന്ത്യൻസ് പോരാട്ടം. അഹമ്മദാബാദിലാണ് മത്സരം.

***********************************************

## ISL

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് തുടക്കം. ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു- മുംബൈ സിറ്റി മത്സരമാണ് നടക്കുന്നത്. അടുത്തമാസം 12 നാണ് ഫൈനൽ.

***********************************************

## TABLE TENNIS

ടേബിൾ ടെന്നീസിൽ, WTT സ്റ്റാർ കണ്ടൻഡർ ഇനത്തിന്റെ അവസാന എട്ടിലേക്ക് യോഗ്യത നേടുന്ന ആദ്യ ഇന്ത്യക്കാരനായി മാനവ് ഠക്കർ . ഇന്ന് ചെന്നൈയിൽ നടന്ന WTT സ്റ്റാർ കണ്ടൻഡർ പുരുഷ സിംഗിൾസ് പ്രീക്വാർട്ടർ ഫൈനലിൽ ജർമ്മനിയുടെ ആൻഡ്രെ ബെർട്ടൽസ്മിയറിനെ 3-2 ന് പരാജയപ്പെടുത്തിയാണ് മാനവ് ചരിത്രം സൃഷ്ടിച്ചത്.

************************************************

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മഹാരാഷ്ട്ര, ഛത്തിസ്ഗഢ് സന്ദർശനത്തിന് നാളെ തുടക്കം. നാഗ്പൂരിൽ സ്മൃതി മന്ദിറും ദീക്ഷാഭൂമിയും സന്ദർശിക്കുന്ന അദ്ദേഹം മാധവ് നേത്രാലയ പ്രീമിയം സെന്ററിന്റെ തറക്കല്ലിടലും നിർവ്വഹിക്കും. പിന്നീട് ഛത്തീസ്ഗഢിലെ ബിലാസ്പൂരിൽ എത്തുന്ന അദ്ദേഹം 33,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കും.

************************************************

## RUSSIA-DRONE ATTACK

മധ്യ യുക്രേനിയൻ നഗരമായ ഡിനിപ്രോയിൽ റഷ്യൻ ഡ്രോണുകൾ നടത്തിയ ആക്രമണത്തിൽ നാല് പേർ കൊല്ലപ്പെടുകയും 21 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇന്നലെ അർദ്ധരാത്രി നടന്ന ആക്രമണത്തിൽ ഒരു റെസ്റ്റോറന്റ് സമുച്ചയവും നിരവധി കെട്ടിടങ്ങളും കത്തിനശിച്ചതായി മേഖലയുടെ തലവൻ സെർഹി ലൈസാക് പറഞ്ഞു.

************************************************

## US-VOA

യു.എസ് ധനസഹായത്തോടെ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര വാർത്താ സ്ഥാപനമായ വോയ്സ് ഓഫ് അമേരിക്ക അടച്ചുപൂട്ടാനുള്ള പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന്റെ ശ്രമങ്ങളെ യുഎസ് ഫെഡറൽ കോടതി തടഞ്ഞു. നീക്കം ഏകപക്ഷീയമെന്ന് കോടതി നിരീക്ഷിച്ചതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതോടെ 1,200-ലധികം പത്രപ്രവർത്തകരെയും എഞ്ചിനീയർമാരെയും മറ്റ് ജീവനക്കാരെയും പിരിച്ചുവിടുന്നത് തടയപ്പെട്ടു.

***********************************

## MODI VISIT – SRI LANKA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിനായി ശ്രീലങ്കൻ സർക്കാരും ജനങ്ങളും കാത്തിരിക്കുകയാണെന്ന് ശ്രീലങ്കൻ വിദേശകാര്യ ഉപമന്ത്രി അരുൺ ഹേമചന്ദ്ര. ഏപ്രിൽ 4 മുതൽ 6 വരെയാണ് ശ്രീ നരേന്ദ്രമോദിയുടെ ശ്രീലങ്കൻ സന്ദർശനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വളരെയധികം പുരോഗതി കൈവരിച്ച ഇന്ത്യ ആഗോളതലത്തിൽ പ്രമുഖ സ്ഥാനത്ത് എത്തിയിട്ടുണ്ടെന്നും ഹേമചന്ദ്ര അഭിപ്രായപ്പെട്ടു.

***********************************

## MEETING – KERALA CM

കേരളത്തിൽ കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം നാളെ. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ രാവിലെ 10 മണിക്കാണ് യോഗം. വിഷയവുമായി ബന്ധപ്പെട്ട് കർമപദ്ധതി തയ്യാറാക്കാൻ വിദഗ്ധരുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗമാണ് നടക്കുക.

****************************************

## ODISHA  –  HEATWAVE

ഒഡീഷയിൽ ഉഷ്ണതരംഗം തുടരുന്നു. അടുത്ത രണ്ട് ദിവസങ്ങളിൽ താപനില 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ജാർസുഗുഡ, സാംബൽപൂർ, സോനെപൂർ, ബൗധ്, ബലംഗീർ, കലഹണ്ടി എന്നിവയുൾപ്പെടെ സംസ്ഥാനത്തെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചു.

********************************************************************************
****************************************